**പതിമൂന്നാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1907** **22.03.2012 ൽ മറുപടിക്ക്**

## വിഴിഞ്ഞം തുറമുഖ പദ്ധതി

**ചോദ്യം**

ശ്രീ. എം.എ.ബേബി :

**മറുപടി**

ശ്രീ. കെ.ബാബു
(മത്സ്യബന്ധനവും തുറമുഖവും
എക്സൈസും വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ആധുനീകരണത്തിനായി നാഷണൽ ഫിഷറീസ് ഡവലപ്മെന്റ് ബോർഡിന് സമർപ്പിച്ച പദ്ധതി രേഖ അനുസരിച്ച് ഫണ്ട് ലഭ്യമാക്കുന്നതിന് എന്തെങ്കിലും സാങ്കേതികതടസ്സമുണ്ടോ ; വ്യക്തമാക്കാമോ ; | എ) യും ബി) യും സി) യും ഡി) യും | വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ആധുനീകരണത്തിനായി നാഷണൽ ഫിഷറീസ് ഡവലപ്മെന്റ് ബോർഡിന് പദ്ധതി രൂപരേഖ സമർപ്പിച്ചിട്ടില്ല. എന്നാൽ വിഴിഞ്ഞം സൗത്ത് ഫിഷ് ലാൻഡിംഗ് സെന്ററിന്റെ നവീകരണ പ്രവൃത്തികൾക്കായി 475 ലക്ഷം രൂപയുടെ പദ്ധതി രൂപരേഖ കേന്ദ്ര സർക്കാർ സ്ഥാപനമായ മറൈൻ പ്രോഡക്ട്സ് എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റി (MPEDA) ക്ക് സമർപ്പിക്കുകയുണ്ടായി. MPEDA പരിശോധന നടത്തി ഭേദഗതി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 675 ലക്ഷം രൂപയുടെ പുതുക്കിയ രൂപരേഖ 28-1-2012 ൽ നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന് സർക്കാർ പുന: സമർപ്പിച്ചിട്ടുണ്ട്. ടി പദ്ധതി നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ പരിഗണനയിലാണ്. |
| ബി | ഈ തടസ്സം നീക്കുന്നത് സംബന്ധിച്ച് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ നിന്നും ഏതെങ്കിലും കത്ത് ലഭിച്ചിട്ടുണ്ടോ ; | | |
| സി | എങ്കിൽ എന്നു ലഭിച്ചുവെന്നും കത്ത് കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ ; | | |
| ഡി | ഇല്ലെങ്കിൽ എന്തുകൊണ്ട് ; ഇത് സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ ? | | |

**സെക്ഷൻ ഓഫീസർ**